ഡോക്ടർ ഡി. രാഘവേന്ദ്രറാവു : വേലിക്ക പകരം മതിൽ കെട്ടാനാണ പോകുന്നത്.

മിസ്റ്റർ കെ. അയ്യപ്പൻ : അതെന്ന കെട്ടം ?

Dr. D. Raghavendra Rao *(Chief Medical Officer):* It will be very dirty. It will be much better to wait for the compound wall itself. The temporary fencing may last for a few months. But at the same time it would be nice to prevail upon the Municipality there to tar that portion of the road which lies close to the hospital. *(Hear, hear).*

Mr. Popatlal Goverdhan Lalan *(Mattancheri):* At least for as an experiment, they can do it.

Dr. D. Raghavendra Rao *(Chief Medical Officer):* Yes. If some hon'ble members prevail upon the Municipal Council to do that it will be a good thing.

* മിസ്റ്റർ വി. പി. കണ്ണപിള്ള : മൻപത്തു കൊല്ലമായി ഈ ആശുപത്രിയുടെ പണി തുടങ്ങീട്ട്. എന്നിട്ടും ഇതുവരെ പൂത്തി ആയിട്ടില്ല. ഈ സംഗതിയിൽ പ്രത്യേകിച്ച് ഒരു കാര്യംകൂടി നോക്കാനുണ്ട്. അവിടെ മുസ്ലീം സ്ത്രീകൾ ധാരാളമുണ്ട്. അവർ മറ്റുള്ളവരെപ്പോലെ പരസ്യമായി ആശുപത്രിയിൽ കിടക്കുകയില്ല. ഒരു പെയ്ഡ് വാർഡായാലും വേണ്ടില്ല സ്ത്രീകൾക്കൊരെണ്ണമുണ്ടാക്കി കൊടുക്കണമെന്ന എഴുതി അയച്ചിട്ട് അതിലും ശ്രദ്ധിച്ചിട്ടില്ല. ഈ തരമുള്ള ഒരു നയം മട്ടാഞ്ചേരിയോട കാണിക്കുന്നതു ശരിയല്ല.

എനിക്കു തോന്നുന്നതു മട്ടാഞ്ചേരിയിലെ വാസ്തവ സംഗതികൾ ചീഫ് മെഡിക്കൽ ആഫീസർ ഗവൺമെണ്ടിനെ അറിയിക്കാത്തതുകൊണ്ടാണ് ഇതൊന്നും നടക്കാത്തതെന്നാണ്. ഇപ്പോഴത്തെ ദിവാൻജിയാണെങ്കിൽ നല്ല കാര്യങ്ങൾ അറിയിച്ചാൽ ഉടനെ ചെയ്യുന്ന ആളാണ്.

മിസ്റ്റർ കെ. അയ്യപ്പൻ : അറിയിക്കാഞ്ഞതുകൊണ്ടും മറുമല്ല.

മിസ്റ്റർ വി. പി. കണ്ണപിള്ള : സാധാരണ എഴുതുന്ന മാതിരി എഴുതിയാൽ പോര. വളരെ ശക്തിയായി അത്യാവശ്യമാണെന്നെഴുതണം. അതുകൊണ്ട് ഈവക കാര്യങ്ങളിലേയ്ക്ക ഗവൺമെണ്ടിന്റെ ശ്രദ്ധയെ കൊണ്ടുവരുവാനായി ഞാൻ ഈ കട്ടുമോഷൻ പ്രസ്സു ചെയ്യുന്നു.

The motion was put and carried.

Cut Motion No. 10.

An emergency ward for Kandakadavu Dispensary.

മിസ്റ്റർ ബി. എം. പീറർ : *To reduce the allotment of Rs. 1,30,595 for Medical Establishment charge by Re 1.* കണ്ടകടവു ഡിസ്പെൻസറിക്കു ഒരു എമർജൻസി വാർഡ് അനുവദിച്ചുകൊള്ളാമെന്നുണ്ടായിരു

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടിന്റെ വാശ്ചത്തം നിറവേറാതിരുന്നതിനെ വീണ്ടും അനുസ്മരിപ്പിക്കുവാനാണ് ഞാൻ ഈ കട്ടമോഷൻ ഇവിടെ അവതരിപ്പിക്കുന്നത്. ഇതിനു വലിയൊരു പ്രസംഗത്തിന്റെ ആവശ്യമില്ല. ചീഫ് മെഡിക്കൽ ആഫീസർ അവർകൾ തന്നെ അദ്ദേഹത്തിന്റെ പ്രാരംഭപ്രസംഗത്തിൽ ഇതിന്റെ അത്യാവശ്യകതയും ബഹുമാനപ്പെട്ട ഗവമ്മെണ്ടിന്റെ ഈകാര്യത്തിലുള്ള ഉദാസീനതയും സമ്മതിച്ചിട്ടുണ്ട്. അതിനു ഞാൻ അദ്ദേഹത്തോട് കൃതാർത്ഥനമാണ്.

ഈ ഡിസ്പെൻസറി തുടങ്ങീട്ട് മുപ്പത്തിരണ്ടു കൊല്ലമായി. അന്നു കൊച്ചി ഗവമ്മെണ്ട് മെഡിക്കൽ വകുപ്പിലേയ്ക്ക് ആകെ ചിലവാക്കിയിരുന്നതു എഴുപതിനായിരം രൂപാ മാത്രമാണ്. ൧൦,൦൦൦ രൂപ ചിലവാക്കിയിരുന്ന കാലത്തു് ഈ ഡിസ്പെൻസറിക്കു് ൨,൫൦൦ രൂപയാണു ചിലവാക്കിയിരുന്നതു്. എന്നാൽ ഇന്നു മെഡിക്കൽ വകുപ്പിലേയ്ക്ക് ആകെ ചിലവു് ൫,൫൫,൦൦൦ രൂപയാണ്. എഴുപതിനായിരം രൂപാ ചിലവാക്കിയിരുന്നപ്പോൾ അനുവദിച്ചിരുന്ന ആ ൨,൫൦൦ രൂപ തന്നെയാണ് ഇപ്പോഴും ഈ ഡിസ്പെൻസറിക്കു ചിലവു നിശ്ചയിച്ചിരിക്കുന്നതു്. ഈ ഡിസ്പെൻസറി കൊണ്ടു് അവിടത്തെ ജനങ്ങൾക്കു യാതൊരു സഹായവും ഇന്നത്തെ നിലയ്ക്കു കിട്ടുന്നില്ലെന്നു തന്നെ പറയാം. ഒരു ഡോക്ടറെ വെച്ചു കിട്ടണമെന്നപേക്ഷിച്ചപ്പോൾ ഡോക്ടർക്കു താമസിക്കാൻ ഒരു കെട്ടിടം ഇല്ലാത്തതുകൊണ്ടു് ആ കാര്യം നിവൃത്തിയില്ലെന്നാണ് മറുപടി. ഒരു ഡോക്ടർക്കു പ്രത്യേകമായി ഒരു കാട്ടേഴ്സ് കൊടുക്കണമെന്നു നിർബന്ധമുണ്ടോ? ഡോക്ടർക്കു കാർട്ടേഴ്സ് കൊടുത്തിട്ടില്ലാത്ത പല ഡിസ്പെൻസറികളുമുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. പിന്നെ കണ്ടക്കടവിൽ വരുമ്പോൾ ഒരു പ്രത്യേക കാർട്ടേഴ്സിന്റെ ആവശ്യമെന്താണ്?

നാലോ അഞ്ചോ കിടക്കകൾ ഇട്ട് അത്യാസന്നരോഗികളെ ഒരേ സമയത്തു കിടത്തി ചികിത്സ നടത്തത്തക്ക സൌകര്യം ഉണ്ടാക്കി കൊടുക്കേണമെന്നുള്ളതു മാത്രമാണു ഞാൻ അപേക്ഷിക്കുന്നതു്. ഇപ്പോൾ കൊച്ചി ഗവമ്മെണ്ടു വലിയൊരു സംഖ്യ ചിലവു കഴിച്ചു മിച്ചം കെട്ടി വെയ്ക്കുന്നുണ്ടെന്നു ബഡ്ജറ്റുകൊണ്ടു കാണുന്നുണ്ട്". അതുകൊണ്ടു ഫൈനൽ തന്നെ ഒരു എമർജൻസി വാർഡുണ്ടാക്കിയാൽ കൊള്ളാമെന്ന അപേക്ഷയോടു കൂടി ഞാൻ ഈ ഉപക്ഷേപം സഭ മുമ്പാകെ അവതരിപ്പിക്കുന്നു.

Dr. D. Raghavendra Rao *(Chief Medical Officer):* Sir, I have already expressed my views on this and stated the real state of affairs there. As such, I have nothing further to add. It is because it is not possible at present to conduct any in-patient wards in the present building.

മിസ്റ്റർ ബി. എം. പീറർ: ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി നോക്കിയാൽ ഉദ്ദേശം ൫ ലക്ഷം രൂപയിലധികം മിച്ചമുണ്ട്. ഇത്ര വലിയൊരു സംഖ്യ ഗവമ്മെണ്ടു ബാങ്കിൽ കെട്ടിവെച്ചിട്ടുള്ള ആവശ്യമെന്താണ്? അത്യാവശ്യം വേണ്ട ഇതു തരം കാര്യങ്ങൾക്കു തുച്ഛമായ ഒരു സംഖ്യ എങ്കിലും ചിലവാക്കാതെ അവ മുഴുവൻ കെട്ടിവെച്ചതുകൊണ്ടുള്ള പ്രയോജനമെന്തു്? ആവശ്യമുള്ള ചിലവു കഴിച്ചു ബാക്കി വരുന്ന ഒരു തുകയാണു ഞാൻ സ്വാഗതം ചെയ്യുന്നതു്. അതുകൊണ്ടു് ഞാൻ ബഹുമാനപ്പെട്ട സാമാജികന്മാരോടു എന്റെ ഉപക്ഷേപത്തെ അനുകൂലിച്ചു പാസ്സാക്കുവാനായി അപേക്ഷിച്ചുകൊണ്ടു ഞാൻ ഇതു പ്രസ്സു ചെയ്യുന്നു.

The motion was put and carried.

Chairman : There are two motions, Nos. 11 and 14 standing in the names of Messrs. K. S. Panickar and V. K. Bhaskara Menon. They will be taken together. Mr. K. S. Panickar will move his motion.

Cut Motion No. 11.

To improve the ophthalmic Hospital, Ernakulam.

***Mr. K. S. Panickar** *(Ezhuvas-Mukundapuram):* I move *to reduce the allotment of Rs. 1,30,595 for Hospital, Establishment by Re. 1. (to invite the attention of the Government to improve the Ophthalmic Hospital).*

മിസ്റ്റർ പ്രസിഡെണ്ട് : സർ, വൈദ്യ സഹായത്തിനു വേണ്ടി ഫാസ മുതൽക്കുള്ള കണക്കു നോക്കിയാൽ, ഫഫഫ -ലേയ്ക്കു നീക്കിവെച്ചിട്ടുള്ള സംഖ്യ മുമ്പിലത്തേക്കാൾ ഇരട്ടിയുണ്ടെന്നു മനസ്സിലാകും. വൈദ്യഡിപ്പാർട്ട്മെണ്ട്—അലോപ്പതി ഡിപ്പാർട്ട്മെണ്ടു—വളരെ അധികം പരിഷ്കരിക്കുന്നതിനു് ഇപ്പോഴത്തെ ചീഫ് മെഡിക്കൽ ഓഫീസർ ശ്രമിച്ചിട്ടുണ്ട്. അതു നമ്മൾക്കറിയാം. കൂടാതെ ഇന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നു നമുക്കു കൂടുതൽ മനസ്സിലാകുന്നുണ്ടു്. ഇതിൽ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഓരോ ഇനത്തിനായി ഇത്ര ഇത്ര സംഖ്യ നീക്കിവെച്ചിട്ടുണ്ടെന്നും മറ്റും പറഞ്ഞു നമ്മെ മനസ്സിലാക്കി. എങ്കിലും ഈ ഒപ്താൽമിക്കു് ആശുപത്രിയുടെ കാര്യത്തെക്കുറിച്ചൊന്നും പറഞ്ഞുകേട്ടില്ല. ബഡ്ജറിലും ഒന്നും കാണുന്നില്ല. ഒപ്താൽമിക്കു് ആശുപത്രിയുടെ പരിഷ്കരണത്തെ കുറിച്ചു കഴിഞ്ഞ കൊല്ലം തന്നെ ആവശ്യപ്പെട്ടിട്ടുള്ളതാണു്. എന്നിട്ടു് ഈ കൊല്ലമെങ്കിലും ആ കാര്യത്തിലൊന്നും ശ്രദ്ധിച്ചു കാണുന്നില്ല. ഉദ്ദേശം പത്തു ലക്ഷം രൂപാ കെട്ടിടത്തിനായ്ക്കാൻ മാത്രമുണ്ടായിട്ടുള്ള ഈ സർവ്വമെണ്ടു് ഇനിയും ഫണ്ടില്ലാവാദം കൊണ്ടു ജനങ്ങളുടെ ആത്യാവശ്യ സംഗതി നീട്ടിവെയ്ക്കാൻ ശ്രമിക്കുന്നതു ശരിയല്ല. മുമ്പു ഫണ്ടില്ലാവാദമായിരുന്നു. ഇപ്പോൾ അതു അസ്ഥാനത്തിലാണു്. ഫാ ലക്ഷം രൂപാ കെട്ടിയിരിക്കുമ്പോഴാണു് മിസ്റ്റർ പോപ്പിലാൽ അവർകൾ പറഞ്ഞതുപോലെ പത്തുക്കുള്ളെ മുളയ്ക്കാനുള്ള തൊഴുത്തുപോലെ ഒരു കണ്ണാശുപത്രി തലസ്ഥാന നഗരിയിൽ വെച്ചിരിക്കുന്നതു്. ഇതു് കൊച്ചി രാജ്യത്തിനും മെഡിക്കൽ ഓഫീസർക്കും വളരെ അപമാനകരമാണു്. ഈ നിയമസഭയിലെ ബഹുമാനപ്പെട്ട മെമ്പർമാർ ആരെങ്കിലും അവിടെ പോയി നോക്കിയാൽ കണ്ണാസ്പത്രിയിലെ പരിതാപകരമായ സ്ഥിതിയും ചീഫ് മെഡിൽ ഓഫീസറുടെ ചിറമ്മനയവും ക്ഷണത്തിൽ മനസ്സിലാകും. സ്വല്പം അഭിമാനമുള്ളവരാരും തങ്ങളുടെ സ്വന്തം ആളുകൾക്കു സുഖക്കേടുവന്നാൽ മട്ടാഞ്ചേരി മഹാരാജാസ് ഹാസ്പിറ്റലിൽ കൊണ്ടുപോകയില്ലെന്നു് ഒരു മെമ്പർ പറഞ്ഞതുപോലെതന്നെ ഇവിടെയും ആത്മാഭിമാനമുള്ളവർ ആരും ഈ കണ്ണാസ്പത്രിയിൽ കിടത്തി ചികിത്സിയ്ക്കുകയില്ല. അതു ശോചനീയമായ ഒരു നിലയാണു് ഈ കണ്ണാശുപത്രിക്കുള്ളതു്. പത്തു ലക്ഷം രൂപാ കെട്ടിയിരിപ്പുള്ള കൊച്ചി സർവ്വമെണ്ടു കൊച്ചി രാജ്യത്തിന്റെ തലസ്ഥാനത്തു് സ്ഥാപിച്ചിട്ടുള്ള ഈ കണ്ണാസ്പത്രിയെ അല്പമെങ്കിലും പരിഷ്കരിക്കുവാനും കൂടുതൽ വാർഡു് കെട്ടിയുണ്ടാക്കുവാനും സർവ്വമെൻറിന്റെ അടിയന്തിര ശ്രദ്ധ പതിഞ്ഞു കാണ്മാൻ വേണ്ടി ഈ നിയമസഭയുടെ പരിപൂർണ്ണമായ സഹകരണം ഉണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly